പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 200 26.03.2013 ൽ മറുപടിക്ക്

**അണക്കെട്ടുകളുടെ സുരക്ഷ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, എ. കെ. ബാലൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, സാജു പോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ജലവൈദ്യുത പദ്ധതികളുടെ ഭാഗമായുള്ള അണക്കെട്ടുകളുടെ റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ലോക ബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെൻറ് പ്രോജക്ട് (DRIP) നടപ്പിലാക്കുവാനായി കേന്ദ്ര സർക്കാരും, കേന്ദ്ര ജലകമ്മീഷനും പദ്ധതി നടപ്പിലാക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളും തമ്മിൽ 21.12.2011 ൽ കരാർ ഒപ്പു വയ്ക്കുകയുണ്ടായി. ഈ കരാർ 18.04.2012 മുതൽ പ്രാബല്യത്തിൽ വന്നു. ഇതിൽ KSEB യുടെ 12 ജലവൈദ്യുത പദ്ധതികളിലെ 28 ഡാമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും, സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) അണക്കെട്ടുകളുടെ സുരക്ഷാപദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

(...2)

(സി) പ്രസ്തുത ആവശ്യത്തിലേക്കായി നടപ്പുവർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; അർഹതയുണ്ടായിരുന്ന തുക എത്രയെന്നറിയിക്കുമോ;

(ഡി) സംസ്ഥാനബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിരുന്ന തുക എത്ര കോടിയായിരുന്നു; ആയതിൽ ചെലവഴിക്കപ്പെട്ടതെത്ര; വിശദവിവരം നൽകുമോ;

(സി)യും(ഡി)യും

2011-12 ലെ സർക്കാർ ബഡ്ജറ്റിൽ ഡാം റിഹാബിലിറ്റേഷനും ഇംപ്രൂവ്മെൻറ് പ്രോഗ്രാമും ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവൃത്തികൾ (വിദേശ സഹായ പദ്ധതികൾ) ക്കായി 36 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 2011-12 ലെ പുതുക്കിയ എസ്റ്റിമേറ്റിൽ ടി പദ്ധതിക്ക്, 10 കോടി രൂപയായി ചുരുക്കിയിരുന്നു

2012-13 ലെ സർക്കാർ ബഡ്ജറ്റിൽ DRIP ഉൾപ്പെടെയുള്ള ഡാം സുരക്ഷ പദ്ധതികൾക്കായി 18.75 കോടി രൂപയും, 2013-14 ൽ 41.42 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ടെണ്ടർ ഡോക്യുമെൻറിന് ലോക ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

(ഇ) ഈ വർഷം ഏതെല്ലാം അണക്കെട്ടു(ഇ)കളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തി; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ ചെലവായ തുക എത്രയെന്നറിയിക്കുമോ;

കേന്ദ്ര ജലകമ്മീഷൻറെ മാനദണ്ഡമനുസരിച്ച് KSEB യുടെ അധീനതയിലുള്ള വിവിധ ഡാമുകളുടെ പ്രീ മൺസൂൺ, പോസ്റ്റ് മൺസൂൺ സുരക്ഷാ പരിശോധനകൾ വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. കൂടാതെ എല്ലാ ഡാമുകളിലെയും ഗേറ്റുകൾ, അനുബന്ധ യന്ത്രങ്ങൾ മുതലായവ സുഗമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുന്നുണ്ട്. വിവിധ

(- - 3)

| | | |
|---|---|---|
| | | ഡാമുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പഠനങ്ങളും നടത്തുന്നുണ്ട്. ഡാമുകൾക്ക് ആവശ്യമായ വാർഷിക അറ്റകുറ്റപ്പണികളും വർഷാ വർഷങ്ങളിൽ നടത്തുന്നുണ്ട്.<br>കൂടാതെ ലോവർ പെരിയാർ പദ്ധതിയുടെ പാംബ്ല ഡാമിന്റെ ഗേറ്റുകളുടെ സ്പെഷ്യൽ റിപ്പയറും, മെയിൻറനൻസും നടത്തിയിട്ടുണ്ട്.<br>ഈ സാമ്പത്തിക വർഷം 3.62 കോടി രൂപ ഡാം സുരക്ഷ പ്രവൃത്തികൾക്കായി ചെലവാക്കിയിട്ടുണ്ട്. |
| (എഫ്) | സുരക്ഷാപരിശോധന ആവശ്യമായ അണക്കെട്ടുകൾ ഏതൊക്കെയാണെന്നറിയിക്കുമോ? | (എഫ്) KSEB യുടെ എല്ലാ ഡാമുകളിലും കേന്ദ്ര ജലകമ്മീഷൻറെ മാനദണ്ഡമനുസരിച്ചുള്ള സുരക്ഷാ പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ